(1)	(2)	(3)
11.	സങ്കരവിത്തിനങ്ങളുടെ പരീക്ഷണത്തോട്ടങ്ങൾ - 225 പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം (25 ലക്ഷം)	25
12.	സൂക്ഷ്മ ജലസേചനവും, ജലസേചനംവഴിയുള്ള വളപ്രയോഗവും - 50 സെന്റ് വീതം വരുന്ന 1400 യൂണിറ്റുകൾക്ക് 30,000 രൂപ വീതം ധനസഹായം നൽകുന്നു. (425 ലക്ഷം)	425
13.	എക്സ്റ്റേണൽ മോണിറ്ററിംഗ് (40 ലക്ഷം)	40
14.	ഡോക്യുമെന്റേഷൻ (50 ലക്ഷം)	50
15.	സാങ്കേതിക സഹായവും കരാർ നിയമനവും (50 ലക്ഷം)	50
16.	അവാർഡുകൾ നൽകുന്നതിന് (50 ലക്ഷം)	50
17.	പരിശീലനം, പ്രചരണം, ബോധവത്ക്കരണം (100 ലക്ഷം)	100
18.	ആകാശവാണിവഴി കർഷകരുടെ വിജയഗാഥ പ്രചരണം (50 ലക്ഷം)	50

നിറവ് പദ്ധതിയുടെ പ്രവർത്തന പുരോഗതി

240 (1679) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ആരംഭിച്ച നിറവ് പദ്ധതി പ്രകാരം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിറവ് പദ്ധതിയിൻകീഴിൽ പുതുതായി എന്തെങ്കിലും പരിപാടികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2011-12-ൽ തെരഞ്ഞെടുത്ത നിറവ് മണ്ഡലങ്ങൾക്കായി 2012-13-ലെ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നെൽ കൃഷി വികസനം, തെങ്ങുകൃഷി വികസനം ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, കാർഷിക യന്ത്രവൽക്കരണം,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽസേന, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ജാതി കൃഷി, വെറ്റില കൃഷി, വിത്ത്/തൈകളുടെ വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കി. ടി പദ്ധതികളുടെ നടത്തിപ്പിനായി 737.58 ലക്ഷം രൂപ വിവിധ മണ്ഡലങ്ങൾക്കായി നൽകുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം ആർ.കെ.വി.വൈ. പദ്ധതികളായ തരിശുഭൂമി നെൽകൃഷി, ജാതികൃഷി, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിറവ് മണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകിവേണം നടപ്പിലാക്കാൻ എന്ന നിർദ്ദേശം എല്ലാ ജില്ലാതല കൃഷി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള മുഖേന ക്ലൂത്തുപ്പറമ്പ്, കൽപ്പറ്റ, പേരാമ്പ്ര, ബാലുശ്ശേരി, നാദാപുരം, കോട്ടക്കൽ, നോർത്ത് പറവൂർ, ചെങ്ങന്നൂർ, പത്തനാപുരം, കൊടുങ്ങല്ലൂർ, തൊടുപുഴ, പാലാ എന്നീ 12 നിയോജക മണ്ഡലങ്ങളിലെ സമഗ്ര കാർഷിക വികസനത്തിനായി കൂടുതൽ പ്രദേശങ്ങളിലേക്ക് പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുക, ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ പച്ചക്കറി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്:

- നിയോജക മണ്ഡലങ്ങളിലെ വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 1,10,000 പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണം നടത്തി.
- 5,50,000 പച്ചക്കറി തൈകളുടെ വിതരണം നടത്തി.
- കൂടുതൽ സ്ഥലങ്ങളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 550 ഹെക്ടർ തരിശുഭൂമിയിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിച്ചു.
- കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 39000 കിഴങ്ങുവർഗ്ഗ വിള കിറ്റുകളുടെ വിതരണം നടത്തി.
- ഫലവർഗ്ഗവിളകളുടെ പ്രോത്സാഹത്തിനായി 61000 ഫലവൃക്ഷത്തൈകളുടെ വിതരണം നടത്തി.
- 61000 ടിഷ്യുക്കൾച്ചർ വാഴകളുടെ വിതരണം നടത്തി.
- ഉപഭോക്താക്കൾക്ക് ന്യായവിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 11 ചില്ലറ വില്പനശാലകൾ ആരംഭിച്ചു.

മൃഗസംരക്ഷണ വകുപ്പ് 2012-13 വർഷത്തെ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി നിറവ് പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികളാണ് വിവിധ മണ്ഡലങ്ങളിൽ നടപ്പിലാക്കിയത്:

1. പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി - കോട്ടയ്ക്കൽ.
2. മലബാറി ആടുകളുടെ പ്രജനനം - തൊടുപുഴ
3. പന്നി വളർത്തൽ - പാലാ.
4. സ്കൂളുകളിലെ ആട്ടു വളർത്തൽ പദ്ധതി - കൊടുങ്ങല്ലൂർ.
5. കിടാരി വളർത്തൽ പദ്ധതി-പത്തനാപുരം, ചെങ്ങന്നൂർ, തൊടുപുഴ, പാലാ, കോട്ടയ്ക്കൽ, കൽപ്പറ്റ, നാദാപുരം, കുത്തുപറമ്പ്.

(ബി) ഉണ്ട്. സംസ്ഥാന കൃഷി വകുപ്പ് മാസം തോറും നടത്താറുള്ള അവലോകന യോഗത്തിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. 2013-14-ലും, 2014-15-ലും തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളിൽ മണ്ഡലതല മീറ്റിംഗുകൾ കൂടുകയും പദ്ധതികൾ തയ്യാറാക്കി വരുകയും ചെയ്യുന്നു. മീറ്റിംഗ് നടക്കാത്ത മണ്ഡലങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസർമാരുടെ പ്രതിമാസ യോഗത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ധനപരവും ഭൗതികവുമായ പുരോഗതി വിലയിരുത്തി വരുന്നു.

(സി) മണ്ഡലങ്ങളിൽനിന്നും സമർപ്പിക്കുന്ന പദ്ധതികളിൽ പുതിയ പരിപാടികൾ ഉൾപ്പെടുത്തുന്ന പക്ഷം ആയതുംകൂടി പരിഗണിക്കുന്നതാണ്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ

241 (1680) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പാക്കുന്ന കാർഷിക വികസന പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly